**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4983** **20-03-2025 - ൽ മറുപടിയ്ക്ക്**

**അടൂർ വയല എൻ.ഡി.എം. യു.പി. സ്കൂളിലെ അധ്യാപികയുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | അടൂർ വയല എൻ.ഡി.എം. യു.പി. സ്കൂളിലെ 43 ക്ലെയ്മെന്റ് ആയ രാജി രാജു എന്ന അധ്യാപികയുടെ നിയമനം നിയമപ്രകാരം സ്ഥിരപ്പെടുത്താതെ താൽക്കാലികമായി നിയമിച്ചത് സംബന്ധിച്ചുള്ള അപ്പീലിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് തീയതി സഹിതം വ്യക്തമാക്കുമോ; | (എ) | അടൂർ വയല എൻ.ഡി.എം യു.പി സ്കൂളിലെ ഫുൾടൈം മീനിയൽ (FTM) ആയിരുന്ന രാജി രാജുവിന് പാർട്ട് ടൈം ലോവർ ഗ്രേഡ് ഹിന്ദി അധ്യാപികയായി സ്ഥാനക്കയറ്റം നൽകി 15/07/21 മുതൽ, അടൂർ എ.ഇ.ഒ, ഭിന്നശേഷി സംവരണത്തിന് വിധേയമായി താൽക്കാലിക ശമ്പളസ്കെയിലിൽ നിയമനം അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഭിന്നശേഷി സംവരണത്തിന് വിധേയമായി നൽകിയതിനെതിരെ സമർപ്പിച്ച അപ്പീൽ 13/03/2025-ലെ DDEPTA/4681/2024/B2 നമ്പർ ഉത്തരവ് പ്രകാരം പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ചിട്ടുണ്ട്. |
| (ബി) | പുതുതായി നിയമിച്ച അധ്യാപർക്കു പോലും സ്ഥിര നിയമനവും ശമ്പള കുടിശികയും അനുവദിച്ചിട്ടും എന്ത് കൊണ്ടാണ് ഈ അധ്യാപികയുടെ നിയമനം മാത്രം ദിവസ വേതനക്കാരിയുടേതാക്കിയതെന്ന് വ്യക്തമാക്കുമോ; | (ബി) | ടിയാളുടെ നിയമനം താൽക്കാലികമായി ശമ്പളസ്കെയിലിലാണ് (ദിന വേതനത്തിലല്ല) അംഗീകരിച്ച് നൽകിയിട്ടുള്ളത്. |
| (സി) | ഈ അധ്യാപികയുടെ നിയമനം അംഗീകരിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ; | (സി) | സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഭിന്നശേഷി സംവരണത്തിന് വിധേയമായി താൽക്കാലികമായി ശമ്പളസ്കെയിലിൽ നിയമനം അംഗീകരിച്ച് നൽകിയിട്ടുള്ളത്. |
| (ഡി) | ഇത്തരത്തിൽ എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ ആനുകൂല്യങ്ങൾ തടയുന്നത് അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | ആനുകൂല്യങ്ങൾ തടഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ നിയമനം അംഗീകരിക്കുന്നതിന് ഒരു ഓൺലൈൻ ആപ്പ്-ന്റെ സഹായത്തോടെ മൂന്ന് മാസ കാലയളവിനുള്ളിൽ നിയമനം അംഗീകരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | എയിഡഡ് സ്കൂൾ ജീവനക്കാരുടെ നിയമനം, തസ്തിക നിർണ്ണയം എന്നിവ കൈകാര്യം ചെയ്യുവാൻ '**സമന്വയ**' എന്ന പേരിൽ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ടി സംവിധാനത്തിലൂടെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (എഫ്) | ശ്രീമതി രാജി രാജു- ന്റെ നിയമനം സ്ഥിരപ്പെടുത്തി ശമ്പള കുടിശിക ഉൾപ്പെടെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | ശ്രീമതി. രാജി രാജുവിന്റെ നിയമനാംഗീകരത്തിന്മേൽ എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം ആയത് വ്യക്തമാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ റിവിഷൻ അപ്പീൽ ലഭ്യമാകുന്ന മുറയ്ക്ക് കെ.ഇ.ആർ ചട്ടങ്ങൾ, നിലവിലുള്ള സർക്കാർ ഉത്തരവുകൾ എന്നിവ അടിസ്ഥാനപ്പെടുത്തി ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ